ടിവി(1) 11376/2020

കാർഷിക വികസന കർഷകക്ഷേമ
വകുപ്പ്, ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 30.06.2020

**കൃഷി ഡയറക്ടർ**
**തിരുവനന്തപുരം**

**എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും**

സർ,

വിഷയം :- കൃഷി വകുപ്പ് - അവാർഡുകളും സമ്മാനങ്ങളും നൽകൽ - 2020 അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കാർ ഉത്തരവ് നമ്പർ 266/93/കൃഷി തീയതി 24.02.93
2. സർക്കാർ ഉത്തരവ് 187/98/കൃഷി തീയതി 03.05.96
3. സർക്കാർ ഉത്തരവ് 232/96/കൃഷി തീയതി 03.07.96
4. സർക്കാർ ഉത്തരവ് 142/97/കൃഷി തീയതി 10.04.97
5. സർക്കാർ ഉത്തരവ് (എം.എസ്)/276/96/കൃഷി തീയതി 19.12.98
6. സർക്കാർ ഉത്തരവ് (എം.എസ്)/87/99/കൃഷി തീയതി 02.07.99
7. സർക്കാർ ഉത്തരവ് (എം.എസ്)/281/2000 തീയതി 21.08.2000
8. സർക്കാർ ഉത്തരവ് (എം.എസ്) 263/2000 തീയതി 26.07.2000
9. സർക്കാർ ഉത്തരവ് (എം.എസ്) 21/14 കൃഷി തീയതി 07.02.14
10. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 151/02/കൃഷി തീയതി 02.08.02
11. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 104/14 കൃഷി തീയതി 14.05.14
12. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ1435/2014/കൃഷിതീയതി11.08.14
13. സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 1692/2014/കൃഷി തീയതി 18.09.14
14. നം. അഗ്രി ഇബി2/291/2018-അഗ്രി തീയതി 12.06.2019

മുകളിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ഓരോ വർഷവും സംസ്ഥാനത്തെ മികച്ച കർഷകർ, മികച്ച പാടശേഖര സമിതി, കർഷക തൊഴിലാളികൾ, ശാസ്ത്രജ്ഞന്മാർ, പത്രപ്രവർത്തകർ, കാർഷിക മേഖലകളിലെ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വിവിധ തുറകളിലെ വ്യക്തികൾ എന്നിവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്.

സൂചന 14 കത്തു പ്രകാരം 2020 വർഷത്തെ കൃഷി വകുപ്പ് മുഖേന നൽകുന്ന കർഷക അവാർഡുകൾ പുനക്രമീകരിച്ച് അവാർഡു തീരുമാനിക്കുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് കേരളത്തിലെ വിവിധ കാർഷിക മേഖലയിലെ കർഷകരുടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും അവാർഡിനുള്ള അപേക്ഷകൾ / നാമനിർദ്ദേശ പത്രികകൾ താഴെ പറയും പ്രകാരം ക്ഷണിക്കുന്നു.

| ക്രമ നം. | അവാർഡിന്റെ പേര് | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| 1 | മിത്രാനികേതൻ പത്മശ്രീ ശ്രീ.കെ വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ് | 5 ലക്ഷം രൂപ, ഷീൽഡ് സർട്ടിഫിക്കറ്റ് |
| 2 | സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് | 2 ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 3 | യുവകർഷക | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 4 | യുവകർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 5 | കേരകേസരി | 2 ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 6 | ഹരിത മിത്ര | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 7 | ഉദ്യാനശ്രേഷ്ഠ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 8 | കർഷകജ്യോതി | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 9 | കർഷകതിലകം (വനിത) | 50,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 10 | ശ്രമശക്തി | 50,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 11 | കൃഷി വിജ്ഞാൻ | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 12 | ക്ഷോണിസംരക്ഷണ | 25,000/-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ |
| 13 | ക്ഷോണിരത്ന ( മികച്ച മണ്ണ് സംരക്ഷണം നടത്തുന്ന പഞ്ചായത്ത് ) | 50,000/- രൂപ ഷീൽഡ് പ്രശംസാപത്രം |
| 14 | കർഷകഭാരതി<br>അച്ചടി മാദ്ധ്യമം | 1 ലക്ഷം-രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| | ദൃശ്യ മാദ്ധ്യമം | 1 ലക്ഷം രൂപ. ഷീൽഡ് സർട്ടിഫിക്കറ്റ്. |
| | നവ മാധ്യമം | 50000 രൂപ . ഷീൽഡ്സർട്ടിഫിക്കറ്റ്. |

| | | |
|---|---|---|
| 15 | ഹരിതകീർത്തി<br>a Govt.Farm<br>b. Pvt.Farm | ഒന്നാം സ്ഥാനം- 15 ലക്ഷം രൂപ, ഷീൽഡ്സ് സർട്ടിഫിക്കറ്റ്,<br>2 ലക്ഷം രൂപ, , സർട്ടിഫിക്കറ്റ്, |
| 16 | ഹരിതമുദ്ര | |
| | 1. ദൃശ്യ മാധ്യമം | ഫലകം, സർട്ടിഫിക്കറ്റ് |
| | 2. ശ്രാവ്യ മാധ്യമം | ഫലകം, സർട്ടിഫിക്കറ്റ് |
| | 3. ഓൺലൈൻ മാധ്യമം | ഫലകം, സർട്ടിഫിക്കറ്റ് |
| | 4.ഡോക്യുമെന്ററി/ടെലിഫിലിം നിർമ്മാതാവ് | 25,000 രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 17 | a. മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര്<br>b. പൈതൃക കൃഷി/വിത്ത് സംരക്ഷണം/വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര് | 1-ാം സ്ഥാനം 3 ലക്ഷം<br>2-ാം സ്ഥാനം 2 ലക്ഷം<br>1 ലക്ഷം രൂപ, |
| 18 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ | 1-ാം സ്ഥാനം 1 ലക്ഷം രൂപ.<br>2-ാം സ്ഥാനം 50,000 രൂപ.<br>3-ാം സ്ഥാനം 25,000 രൂപ. |
| 19 | ഹൈടെക് ഫാർമർ | 1 ലക്ഷം രൂപ, ഷീൽഡ്, സർട്ടിഫിക്കറ്റ്, സ്വർണ്ണമെഡൽ |
| 20 | മികച്ച കൊമേഴ്സ്യൽ നഴ്സറി | 1 ലക്ഷം രൂപ, ഷീൽഡ്, സർട്ടിഫിക്കറ്റ്, സ്വർണ്ണമെഡൽ |
| 21 | കർഷകതിലകം (സ്കൂൾ വിദ്യാർത്ഥിനി) | 10,000 രൂപ, സ്വർണ്ണ മെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 22 | കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി) | 10,000 രൂപ, സ്വർണ്ണ മെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 23 | മികച്ചഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | 25,000 രൂപ, സ്വർണ്ണ മെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 24 | മികച്ചകോളേജ് കർഷക പ്രതിഭ | 25,000 രൂപ, സ്വർണ്ണ മെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 25 | മികച്ച ഫാം ഓഫീസർ | 25,000 രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 26 | മികച്ച ജൈവകർഷകൻ | 1 ലക്ഷം രൂപ സ്വർണ്ണമെഡൽ ഷീൽഡ് സർട്ടിഫിക്കറ്റ് |
| 27 | മികച്ചതേനീച്ച കർഷകൻ | 1 ലക്ഷം രൂപ, ഷീൽഡ്, സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 28 | മികച്ച ക്ലബ് കർഷകൻ | 50000 രൂപ , ഷീൽഡ്/സർട്ടിഫിക്കറ്റ്. |
| 29 | Award to best jackfruit processor /other value addition (individual/group) | 50000 രൂപ . ഷീൽഡ്/സർട്ടിഫിക്കറ്റ്. |
| 30 | Best innovation award | 1 ലക്ഷം രൂപ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 31 | Award to best exporter individual/group based on export statistics | 1 ലക്ഷം രൂപ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 32 | Award to best post harvest intervention to farmer / organisation /FPO . | 1 ലക്ഷം രൂപ, ഷീൽഡ്, സർട്ടിഫിക്കറ്റ് |
| | **AWARD TO EXTENSION PERSONNELS DISTRICT LEVEL AWARDS** | |
| 1. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഒന്നാം സ്ഥാനം | ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 2. | കൃഷി ഓഫീസർ ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം | ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 3. | കൃഷി അസിസ്റ്റന്റ് ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം | ഷീൽഡ് സർട്ടിഫിക്കറ്റ് |
| | **AWARD TO EXTENSION PERSONNELS STATE LEVEL** | |
| 1 | പ്രിൻസിപ്പൽകൃഷി ഓഫീസർ/കൃഷി ജോയിന്റ് ഡയറക്ടർ | ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 2 | പ്രോജക്ട് ഡയറക്ടർ; ആത്മ | ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 3 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | ഷീൽഡ് സർട്ടിഫിക്കറ്റ് |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം | ഷീൽഡ് സർട്ടിഫിക്കറ്റ് |
| 5 | കൃഷി ഓഫീസർ ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം | ഷീൽഡ്, സർട്ടിഫിക്കറ്റ് |
| 6 | കൃഷി അസിസ്റ്റന്റ്- ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം | ഷീൽഡ് , സർട്ടിഫിക്കറ്റ് |

## വിജ്ഞാന വ്യാപന അവാർഡിനുള്ള മാനദണ്ഡങ്ങൾ

അവാർഡിന് അപേക്ഷിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ പ്രവർത്തന മേഖലയിൽ പ്രവർത്തന മികവ് തെളിയിച്ചിട്ടുണ്ടാകണം. ഓരോ കാറ്റഗറിയിലും അവാർഡിന് അപേക്ഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അതാത് കാറ്റഗറിയിൽ നിർദ്ദേശിച്ചിട്ടുള്ള സേവനകാലം ഉണ്ടായിരിക്കണം. എക്സ്റ്റൻഷൻ പ്രവർത്തനത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചിരിക്കണം. വിജ്ഞാന വ്യാപനത്തിലും ടെക്നോളജി ട്രാൻസ്ഫറിലും പരമാവധി പ്രവർത്തന വിജയം കൈവരിച്ചിരിക്കണം. ഓരോ വിഭാഗത്തിനും അവാർഡിന് അപേക്ഷിക്കാനുള്ള മിനിമം സേവനകാലയളവ് താഴെപറയും പ്രകാരമാണ്.

| ക്രമ നം. | വിഭാഗം | സേവനകാലയളവ് (വർഷം) |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് | 6 |
| 2 | കൃഷി ഓഫീസർ | 6 |
| 3 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 |
| 4 | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 5 | പ്രിൻസിപ്പൽകൃഷി ഓഫീസർ/കൃഷി ജോയിന്റ് ഡയറക്ടർ | 1 |
| 6 | പ്രോജക്ട് ഡയറക്ടർ, ആത്മ | 1 |

രേഖകൾ ശരിയായി സൂക്ഷിക്കൽ, അക്കൗണ്ടിംഗ്, ഓഫീസ് മാനേജ്മെന്റ് തുടങ്ങിയവ കൂടാതെ താഴെപ്പറയുന്ന ഘടകങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

1. വിജ്ഞാന വ്യാപന രംഗത്ത് മികച്ച പ്രവർത്തനം
2. കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിർബന്ധമായും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ ശരിയായ നടത്തിപ്പും നേട്ടങ്ങളും
3. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുതിയ വിജ്ഞാന വ്യാപനരീതികളും കർഷകരുമായുള്ള ഇടപെടലുകളും
4. MTA മീറ്റിംഗിലെ പങ്കാളിത്തം
5. നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും ശാസ്ത്ര രംഗത്തെ കണ്ടെത്തലുകൾ - നടപ്പിലാക്കിയതിന്റെ രീതികൾ
6. നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കാൻ നടത്തിയ ശ്രമങ്ങൾ
7. കർഷകർക്ക് പദ്ധതി നടത്തിപ്പിന് വേണ്ടി നൽകുന്ന സഹായങ്ങൾ
8. ആത്മ പദ്ധതികളുടെ ശരിയായ നടത്തിപ്പ്
9. നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, തരിശുനില കൃഷി, അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ ശരിയായ നടത്തിപ്പ്, ജൈവകൃഷി, മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ

10. കാർഷിക പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും സംയോജനം.

11. ഭരണപരമായതും പൊതുജനങ്ങളുമായും ഉള്ള ഇടപെടലുകളിലെ വിജയം. 2019-20 ലെ പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്.

12. കർഷകരുടെയും പഞ്ചായത്തിന്റെയും കാർഷിക വികസനസമിതിയുടെ അഭിപ്രായങ്ങളും പരിഗണിക്കേണ്ടതാണ്.

13. സംസ്ഥാനതല അവാർഡിലേക്കായി മത്സരിക്കുന്നവർ സംസ്ഥാനതല കമ്മിറ്റിക്കു മുമ്പാകെ സ്വന്തം പ്രവർത്തനങ്ങളുടെ ഒരു അവതരണം നടത്തേണ്ടതാണ്.

കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലയിലെ മികച്ച ഓഫീസർമാരെ കണ്ടെത്തി സംസ്ഥാനതല അവാർഡിന് നോമിനേറ്റ് ചെയ്യേണ്ടതാണ്.

പ്രോജക്ട് ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ അവാർഡിനുള്ള അപേക്ഷകൾ നേരിട്ട് കൃഷിഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## പച്ചക്കറി പദ്ധതി അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| | **ജില്ലാ തല അവാർഡുകൾ** | |
| 1 | മികച്ച വിദ്യാർത്ഥി<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | <br>15000<br>7500<br>5000 |
| 2 | മികച്ച വിദ്യാഭ്യാസ സ്ഥാപനം<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | <br>15000<br>7500<br>5000 |
| 3 | മികച്ച അദ്ധ്യാപകൻ<br>ഒന്നാംസ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | <br>15000<br>7500<br>5000 |
| 4 | മികച്ച സ്ഥാപന മേധാവി<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | <br>15000<br>7500<br>5000 |

| | | |
|---|---|---|
| 5 | മികച്ച ക്ലസ്റ്റർ | |
| | ഒന്നാം സ്ഥാനം, | 15000 |
| | രണ്ടാം സ്ഥാനം, | 7500 |
| | മൂന്നാം സ്ഥാനം | 5000 |
| 6 | മികച്ച പൊതു മേഖല സ്ഥാപനം | |
| | ഒന്നാം സ്ഥാനം. | 15000 |
| | രണ്ടാം സ്ഥാനം, | 7500 |
| | മൂന്നാം സ്ഥാനം | 5000 |
| 7 | മികച്ച സ്വകാര്യ മേഖല സ്ഥാപനം | |
| | ഒന്നാം സ്ഥാനം, | 15000 |
| | രണ്ടാം സ്ഥാനം, | 7500 |
| | മൂന്നാം സ്ഥാനം | 5000 |
| 8 | മികച്ച കർഷകൻ | |
| | ഒന്നാം സ്ഥാനം, | 15000 |
| | രണ്ടാം സ്ഥാനം, | 7500 |
| | മൂന്നാം സ്ഥാനം | 5000 |
| 9 | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി | |
| | ഒന്നാം സ്ഥാനം, | 15000 |
| | രണ്ടാം സ്ഥാനം, | 7500 |
| | മൂന്നാം സ്ഥാനം | 5000 |
| | **മികച്ചഉദ്യോഗസ്ഥർക്കുള്ള അവാർഡ്** | |
| | കൃഷി അസിസ്റ്റന്റ് ഡയറക്ടർ<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | കൃഷി ഓഫീസർ<br>ഒന്നാം സ്ഥാനം.<br>രണ്ടാം സ്ഥാനം.<br>മൂന്നാം സ്ഥാനം | ഫലകം. സർട്ടിഫിക്കറ്റ് |
| | കൃഷി അസിസ്റ്റന്റ്<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |

പച്ചക്കറി സംസ്ഥാനതല അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|
| 1 | മികച്ച വിദ്യാർത്ഥി<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 2 | മികച്ച വിദ്യാഭ്യാസ സ്ഥാപനം<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 75000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 3 | മികച്ച അദ്ധ്യാപകൻ<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 4 | മികച്ച സ്ഥാപന മേധാവി<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 5 | മികച്ച ക്ലസ്റ്റർ<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 6 | മികച്ച പൊതു മേഖല സ്ഥാപനം<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 7 | മികച്ച സ്വകാര്യ മേഖല സ്ഥാപനം<br>ഒന്നാം സ്ഥാനം,<br>രണ്ടാം സ്ഥാനം,<br>മൂന്നാം സ്ഥാനം | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>25000 രൂപ ഫലകം, സർട്ടിഫിക്കറ്റ്<br>15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 8 | മികച്ച കർഷകൻ | |
| | ഒന്നാം സ്ഥാനം, | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | 25000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | 15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 9 | മികച്ച മട്ടുപ്പാവ് കൃഷി | |
| | ഒന്നാം സ്ഥാനം, | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | 25000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | 15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 10 | മികച്ചറസിഡന്റ്സ് അസോസിയേഷൻ | |
| | ഒന്നാം സ്ഥാനം, | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | 25000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | 15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 11 | മികച്ച ട്രൈബൽ ക്ലസ്റ്റർ | |
| | ഒന്നാം സ്ഥാനം, | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | 25000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | 15000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 12 | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി | |
| | ഒന്നാം സ്ഥാനം, | 1 ലക്ഷം രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | 50000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | 25000 രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | |
| | ഒന്നാം സ്ഥാനം, | ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | കൃഷി ഓഫീസർ | |
| | ഒന്നാം സ്ഥാനം, | ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | കൃഷി അസിസ്റ്റന്റ് | |
| | ഒന്നാം സ്ഥാനം, | ഫലകം, സർട്ടിഫിക്കറ്റ് |
| | രണ്ടാം സ്ഥാനം, | ഫലകം, സർട്ടിഫിക്കറ്റ് |
| | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |

## ജൈവകൃഷി അവാർഡുകൾ

| ക്രമ നം. | അവാർഡിന്റെ പേര് | സമ്മാനത്തിന്റെ വിശദാംശം |
| --- | --- | --- |
| 1 | **ജില്ലാതല അവാർഡുകൾ**<br><br>ജില്ലയിലെ മികച്ച ജൈവ കാർഷിക പഞ്ചായത്ത് ഒന്നാംസ്ഥാനം-<br>രണ്ടാംസ്ഥാനം-<br>മൂന്നാംസ്ഥാനം- | <br><br><br>3 ലക്ഷം രൂപ<br>2 ലക്ഷം രൂപ<br>1 ലക്ഷം രൂപ |
| 2 | **സംസ്ഥാനതല അവാർഡുകൾ**<br><br>a. ജൈവ കാർഷിക നിയോജക മണ്ഡലം<br>ഒന്നാംസ്ഥാനം-<br>രണ്ടാംസ്ഥാനം-<br>മൂന്നാംസ്ഥാനം- | <br><br><br><br>15 ലക്ഷംരൂപ<br>10 ലക്ഷംരൂപ<br>5 ലക്ഷം രൂപ |
| | b. മുനിസിപ്പാലിറ്റി<br>ഒന്നാംസ്ഥാനം-<br>രണ്ടാംസ്ഥാനം-<br>മൂന്നാംസ്ഥാനം- | <br>3 ലക്ഷം രൂപ<br>2 ലക്ഷം രൂപ<br>1 ലക്ഷം രൂപ |
| | c. കോർപ്പറേഷൻ<br>ഒന്നാംസ്ഥാനം- | <br>3 ലക്ഷം രൂപ |

**അവാർഡുകളുടെ മാനദണ്ഡങ്ങൾ അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. താഴെ പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.**

1. നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പത്രങ്ങളിൽ പരസ്യം ചെയ്യുകയും ജില്ലാതല, പഞ്ചായത്തുതല കാർഷിക വികസന സമിതികളിൽ ചർച്ച ചെയ്യേണ്ടതുമാണ്.
2. കേരളത്തിൽ പ്രവർത്തിക്കുന്നവർ മാത്രമെ, ഈ അവാർഡിനും സമ്മാനത്തിനും അർഹരായിരിക്കുകയുള്ളൂ.
3. ഒരു അവാർഡ് ലഭിച്ചവർ അതേ അവാർഡിന് വീണ്ടും അപേക്ഷിക്കാവുന്നതല്ല.
4. അവാർഡ് വർഷത്തിലൊരിക്കലായിരിക്കും നൽകുന്നത്.
5. ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ നിശ്ചിത തീയതിക്കു മുമ്പ് അപേക്ഷ നൽകേണ്ടതാണ്. വിശദ വിവരങ്ങൾ കൃഷിഡയറക്ടറുടെ വെബ്സൈറ്റിൽ ലഭ്യമാണ്.
6. അപേക്ഷകൾ 06.07.2020 വരെ കൃഷിഭവനുകളിൽ സ്വീകരിക്കുന്നതായിരിക്കും.

7. കൃഷിഭവനുകൾക്കും പഞ്ചായത്തിനും കർഷകരെ അവാർഡിനായി നാമനിർദ്ദേശം നൽകാവുന്നതാണ്.

8. കൃഷിഭവൻ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവിടങ്ങളിൽ നോട്ടീസ് പ്രദർശിപ്പിക്കേണ്ടതാണ്.

9. അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ 06.07.2020 വരെ കൃഷിഭവനിൽ സ്വീകരിക്കേണ്ടതാണ്. അപേക്ഷകൾ പ്രഥമ പരിശോധനയ്ക്ക് ശേഷം (അതായത് വിളകളുടെ ഉല്പാദനം, ഇനം എന്നിവ രേഖപ്പെടുത്തി) കൃഷി ഓഫീസറുടെ ശുപാർശയോടെ ജില്ലാതല അവാർഡ് കമ്മിറ്റി കൺവീനർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ) അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 13.07.2020 ന് മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

10. കർഷകഭാരതി, ഹരിതമുദ്ര അവാർഡിനുള്ള അപേക്ഷകൾ (ക്രമനം. 14 &16 ) പി.ഐ.ഒ, എഫ്.ഐ.ബിയ്ക്ക് 13.07.2020 ന് മുമ്പ് ലഭിക്കത്തക്ക വിധം അയച്ചുകൊടുക്കേണ്ടതാണ്.

11. ക്ഷോണി സംരക്ഷണ (ക്രമനം.12) അപേക്ഷകൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പരിശോധിച്ച് ജില്ലാതല കമ്മിറ്റി കൺവീനർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ) 09.07.2020 ന് മുമ്പായി അയച്ച കൊടുക്കേണ്ടതുമാണ്. ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി 13.07.2020 ന് മുമ്പായി അപേക്ഷകൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

12. ക്രമ നമ്പർ 17 നുള്ള അപേക്ഷ (ഹരിത കീർത്തി) 06.07.2020 ന് മുമ്പായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 13.07.2020 ന് മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

13. ക്രമനമ്പർ 11 (കൃഷി വിജ്ഞാൻ) നുള്ള അപേക്ഷ 06.07.2020 ന് മുമ്പായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ശുപാർശയോടു കൂടി അപേക്ഷകൾ 13.07.2020 ന മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

14. ഏറ്റവും നല്ല യുവകർഷകൻ/യുവകർഷക വനിതയ്ക്കുള്ള അപേക്ഷ 20-35 നും മദ്ധ്യേ പ്രായമുള്ളവരിൽ നിന്നും ക്ഷണിക്കേണ്ടതാണ്. വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ 06.07.2020 ന് മുമ്പായി കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.

15. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ദിനപത്രങ്ങൾ, ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.

16. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രധാനപ്പെട്ട ദിനപ്പത്രങ്ങൾ, ആകാശവാണി എന്നിവയിലൂടെ

പരസ്യം നൽകേണ്ടതാണ്.

17. കിസാൻ ||| റ്റിഎംകെ, ന്യൂറുമേനി ഫാം ഇൻഫർമേഷൻ ബ്യൂറോ, കിസാൻ കൃഷിദീപം പരിപാടിയിലൂടെ അവാർഡിനെപ്പറ്റി പരസ്യം നൽകേണ്ടതാണ്.
18. ജില്ലാതലത്തിൽ അവാർഡ് നിർണ്ണയിക്കുന്നതിനായി ഒരു ജില്ലാതല അവാർഡ് കമ്മിറ്റി മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
19. പ്രധാനമായും 2019-20 വർഷത്തെ വ്യക്തികളുടെയും, സമിതികളുടെയും കാർഷികപ്രവർത്തനങ്ങൾ ആണ് വിലയിരുത്തേണ്ടത്.
20. സ്ഥലപരിശോധന നടത്തിയതിനുശേഷം പരിശോധന നടന്ന തീയതി, കമ്മിറ്റിയിലുണ്ടായിരുന്ന അംഗങ്ങളുടെ വിശദ വിവരങ്ങൾ, ജില്ലാതല കമ്മിറ്റിയുടെ റിപ്പോർട്ട് ശുപാർശ എന്നിവ അപേക്ഷയോടൊപ്പം സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്ത അപേക്ഷകൾ സ്റ്റേറ്റ് ലവൽ കമ്മിറ്റി സ്വീകരിക്കുന്നതല്ല.
21. ഓരോ അവാർഡിനും ഏറ്റവും അർഹരായ ഒരു അപേക്ഷകൾ മാത്രം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയ്ക്ക് 13.07.2020 ന് മുമ്പ് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
22. സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ ക്രോപ്പ് കട്ടിംഗ് സർവ്വേ റിപ്പോർട്ടിന്റെ റിസൾട്ട് (കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതും ജില്ലാ കൃഷി ഓഫീസർ മേലൊപ്പുവച്ചതും) എല്ലാ നെൽകതിർ അവാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
23. വിവിധ അവാർഡുകൾക്ക് ഏറ്റവും മികച്ച കർഷകരെ കണ്ടെത്തുന്നതിന് ആത്മ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അപേക്ഷ ലഭിക്കാതെ തന്നെ ജില്ലയിലെ മികച്ച കർഷകരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാവുന്നതാണ്. ജില്ലാതല കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.
24. ഈ വിവരങ്ങൾ എല്ലാ കൃഷിഭവനുകളിലും താങ്കളുടെ ജില്ലയിൽ ജോലി ചെയ്യുന്ന ഓഫീസർമാർക്കും അയച്ചു കൊടുക്കേണ്ടതാണ്. എല്ലാ ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ അപേക്ഷകൾ ശേഖരിക്കാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.
25. ശരിയായ പേര്, തപാൽ മേൽവിലാസം, എസ്.ബി.റ്റി യുടെ ഏറ്റവും അടുത്തുള്ള ശാഖ എന്നിവ അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.
26. ജില്ലകളിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ അപേക്ഷകന്റെ ഫോട്ടോ 3 കോപ്പി കൂടി ഉൾപ്പെടുത്തേണ്ടതാണ്.

**പച്ചക്കറി പദ്ധതി അവാർഡ് - മാനദണ്ഡം**

ഫീൽഡ്പരിശോധനയുടേയും മറ്റ്പ്രവർത്തനങ്ങളുടേയും അടിസ്ഥാനത്തിൽ ഓരോ മേഖലയിലും മികച്ചപ്രകടനം കാഴ്ചവച്ചവരെ അവാർഡിനായി തെരഞ്ഞെടുക്കുന്നു. തൊട്ടുമുന്നിലെ വർഷം അവാർഡ് ലഭിച്ചവരൊഴികെയുള്ളവർക്ക് തൻ വർഷം പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അവാർഡുകൾക്ക അപേക്ഷിക്കാം

**എല്ലാ അവാർഡുകളുടെയും ഫീൽഡ് തല പരിശോധനക്കു വേണ്ടി ജില്ലാതലത്തിൽ ഒരു അവാർഡ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ഘടന താഴപ്പറയും പ്രകാരം ആണ്.**

**ജില്ലാ തല അവാർഡ് കമ്മിറ്റി**

ചെയർമാൻ - പ്രിൻസിപ്പൽ കൃഷി ഓഫീസർ
കൺവീനർ - കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)

അംഗങ്ങൾ -

1. മൃഗ സംരക്ഷണ വകുപ്പ് പ്രതിനിധി
2. കേരള കാർഷിക സർവകലാശാല / കെ.വി.കെ പ്രതിനിധി
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധി
4. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്
5. കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)
6. ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ല്യു . എം)
7. പ്രോജക്ട് ഡയറക്ടർ, ആത്മ
8. അതാത് ബ്ലോക്കുകളിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർപ്രതിനിധിമാർ

**സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.**

## State Level Award Committee

Chairman – Agricultural Production Commissioner
Convenor - Director of Agriculture

## Members

1. The Director Research, Kerala Agricultural University, Vellanikkara, Thrissur
2. The Director of Extension, Extension Communication Centre, Kerala Agricultural University, Mannuthy, Thrissur
3. Additional Director of Agriculture (Extn), Directorate of Agriculture, Trivandrum
4. The Director, Department of Economics and Statistics, Vikas Bhavan, Trivandrum
5. Director, Soil Conservation and Soil Survey Department,
6. State Agricultural Engineer, Directorate of Agriculture, Trivandrum
7. The Director, CTCRI, Sreekaryam, Trivandrum
8. The Director, CPCRI, Kasargode
9. The Director, Animal Husbandry Department, Vikas Bhavan, Trivandrum
10. Professor and Head, Department of Horticulture, Vellayani
11. Addtional Director (Farms and Biogas)
12. State level representative of educational institution.
13. Additional Director (Marketing)
14. Chief Agriculture, State Planning Board
15. Deputy Director , Organic Farming Cell
16. Director, SAMETI
17. Principal Information Officer, FIB
18. Additional Director, SFAC.S
19. CEO, Horticorp
20. Additional Director, SHM

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയെ സഹായിക്കുന്നതിലേക്കായി 5 സബ് കമ്മിറ്റികൾ പ്രവർത്തിക്കുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകി വരുന്ന അവാർഡുകൾക്ക് നിലവിലുള്ള കമ്മിറ്റി തുടരുന്നതാണ്. ഒരു സബ്കമ്മിറ്റി ഉദ്യോഗസ്ഥർക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിന് വേണ്ടിയുള്ളതായിരിക്കും. ഓരോ സബ്കമ്മിറ്റിയിലെയും അംഗങ്ങളെ സംസ്ഥാനതല അവാർഡ് കമ്മിറ്റി അംഗങ്ങൾ നോമിനേറ്റ് ചെയ്യുന്നതാണ്. ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി അവാർഡ് നിർണ്ണയിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സബ്കമ്മിറ്റികളുടെ ഉത്തരവാദിത്തമാണ്. സബ്കമ്മിറ്റിയുടെ കൺവീനർമാർ ബന്ധപ്പെട്ട കൃഷി അഡീഷണൽ ഡയറക്ടർമാർ ആയിരിക്കും.

ജില്ലാതല അവാർഡു കമ്മിറ്റി കൃഷിയിടം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തണം. മാനദണ്ഡങ്ങൾ പ്രകാരം ജില്ലാതലത്തിൽ 1-ാം സ്ഥാനം/2-ാം സ്ഥാനം വരെ യോഗ്യതയുള്ളവരെ സംസ്ഥാനതല അവാർഡിന് ശുപാർശ ചെയ്യാവുന്നതാണ്.

കാർഷിക വികസന
കർഷകക്ഷേമ വകുപ്പ് ഡയറക്ടർ

Joint Director of Agriculture (AR & )
Directorate of Agriculture,
Vikas Bhavan, Thiruvananthapuram

പകർപ്പ്

1. പി.ഐ.ഒ, എഫ്.ഐ.ബി (ആകാശവാണി ദൂരദർശൻ, ദിനപ്പത്രങ്ങൾ എന്നിവയ്ക്ക് പരസ്യം നൽകുന്നതിന്)
2. ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ ഓഫ് റിസർച്ച്(കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര)
4. അഡീഷണൽ ഡയറക്ടർ(മണ്ണ് സംരക്ഷണം, തിരുവനന്തപുരം.)
5. ഡയറക്ടർ, സിപിസിആർഐ, സിറ്റിസിആർഐ (ആമുഖ കത്ത് സഹിതം)
6. കിസാൻ ,III റ്റിഎംകെ (പരസ്യം നൽകുന്നതിനായി)
7. ഡയറി ഡിപ്പാർട്ട്മെന്റ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
8. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
9. ഐ.റ്റി. സെൽ. വെബ്സൈറ്റ് പബ്ലിഷിംഗിന് വേണ്ടി
10. സ്റ്റോക്ക് ഫയൽ/അധികം.

## അനുബന്ധം 1

| നം | അവാർഡിന്റെ പേര് | അവാർഡിന്റെ അപേക്ഷ സമർപ്പിക്കേണ്ട ഓഫീസിന്റെ പേര് | അപേക്ഷ ലഭിക്കേണ്ട അവസാന തീയതി | ജില്ലാതല കമ്മിറ്റിക്ക് അപേക്ഷ ലഭിക്കേണ്ട അവസാന തീയതി | കൃഷി ഡയറക്ടറേറ്റിൽ ലഭിക്കേണ്ട അവസാന തീയതി |
|---|---|---|---|---|---|
| 1 | നെൽക്കതിർ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 2 | കർഷകോത്തമ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 3. | യുവകർഷകൻ (പുരുഷൻ) | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 4 | യുവകർഷകൻ (വനിത) | കൃഷി ഭവൻ. | 06.07.20 | 09.07.20 | 13.07.20 |
| 5 | കേരകേസരി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 6 | ഹരിതമിത്ര | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 7 | ഉദ്യാനശ്രേഷ്ഠ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 8 | കർഷകജ്യോതി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 9 | കർഷകതിലകം | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 10 | ശ്രമശക്തി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 11 | കൃഷി വിജ്ഞാൻ | ജില്ലാ കൃഷി ഓഫീസ് | 06.07.20 | 09.07.20 | 13.07.20 |
| 12 | ക്ഷോണി സംരക്ഷണം | ജില്ലമണ്ണ് സംരക്ഷണ ഓഫീസ് | 06.07.20 | 09.07.20 | 13.07.20 |
| 13 | ക്ഷോണി രത്ന | ജില്ലമണ്ണ് സംരക്ഷണ ഓഫീസ് | 06.07.20 | 09.07.20 | 13.07.20 |
| 14 | കർഷകഭാരതി | എഫ്.ഐ.ബി, തിരുവനന്തപുരം | | 09.07.20 | 13.07.20 |
| എ) | അച്ചടി മാദ്ധ്യമം | | 06.07.20 | 09.07.20 | 13.07.20 |
| ബി) | ദൃശ്യ മാദ്ധ്യമം | | 06.07.20 | 09.07.20 | 13.07.20 |
| സി) | നവ മാധ്യമം | | 06.07.20 | 09.07.20 | 13.07.20 |
| 15 | ഹരിതകീർത്തി | ജില്ലകൃഷി ഓഫീസ് | 06.07.20 | 09.07.20 | 13.07.20 |
| 16 | ഹരിതമുദ്ര | എഫ്.ഐ.ബി. തിരുവനന്തപുരം | | 09.07.20 | 13.07.20 |
| 17 | a. മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര് | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| | b. പൈതൃക കൃഷി/വിത്ത് സംരക്ഷണം/വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര് | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |

| | | | | | |
|---|---|---|---|---|---|
| 18 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 19 | ഹൈ-ടെക് ഫാർമർ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 20 | കൊമേഴ്സ്യൽ നഴ്സറി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 21 | കർഷകതിലകം സ്കൂൾ വിദ്യാർത്ഥിനി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 22 | കർഷകപ്രതിഭ സ്കൂൾ വിദ്യാർത്ഥി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 23 | മികച്ച ഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 24 | മികച്ച കോളേജ് കർഷക പ്രതിഭ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 25 | ഫാം ഓഫീസർ | ജില്ല കൃഷി ഓഫീസർ | | 09.07.20 | 13.07.20 |
| 26 | മികച്ച ജൈവകർഷകൻ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 27 | കർഷകമിത്ര | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 28 | മികച്ച തേനീച്ച കർഷകൻ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 29 | Award to best jackfruit processor/othervalue addition(individual/group) | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 30 | Best innovation award | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 31 | Award to best exporter individual/group based on sports statistic | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 32 | Award to Best Post Harvest intervention to Farmer/Organisation/FPO | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 33 | മികച്ച വിദ്യാർത്ഥി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 34 | മികച്ച വിദ്യാഭ്യാസ സ്ഥാപന | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 35 | മികച്ച അദ്ധ്യാപകൻ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 36 | മികച്ച സ്ഥാപന മേധാവി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 37 | മികച്ച ക്ലസ്റ്റർ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 38 | മികച്ച പൊതു മേഖല സ്ഥാപനം | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 39 | മികച്ച സ്വകാര്യ മേഖല സ്ഥാപനം | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |

| | | | | | |
|---|---|---|---|---|---|
| 40 | മികച്ച കർഷകൻ | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| 41 | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| | **പച്ചക്കറി പദ്ധതി മികച്ച ഉദ്യോഗസ്ഥർക്കുള്ള അവാർഡ്** | | 06.07.20 | 09.07.20 | 13.07.20 |
| | കൃഷിഅസിസ്റ്റന്റ് ഡയറക്ടർ | ജില്ലാ കൃഷി ഓഫീസർ | | 09.07.20 | 13.07.20 |
| | കൃഷി ഓഫീസർ | ജില്ലാ കൃഷി ഓഫീസർ | | 09.07.20 | 13.07.20 |
| | കൃഷി അസിസ്റ്റന്റ് | ജില്ലാ കൃഷി ഓഫീസർ | | 09.07.20 | 13.07.20 |
| | **ജൈവകൃഷി അവാർഡുകൾ** | | 06.07.20 | 09.07.20 | 13.07.20 |
| | ജില്ലയിലെ മികച്ച ജൈവ കാർഷിക പഞ്ചായത്ത് | കൃഷി ഭവൻ | 06.07.20 | 09.07.20 | 13.07.20 |
| | ജൈവ കാർഷിക നിയോജക മണ്ഡലം (സംസ്ഥാന തലം) | ജില്ലാ കൃഷി ഓഫീസർ | 06.07.20 | 09.07.20 | 13.07.20 |
| | മുനിസിപ്പാലിറ്റി (സംസ്ഥാന തലം) | ജില്ലാ കൃഷി ഓഫീസർ | 06.07.20 | 09.07.20 | 13.07.20 |
| | കോർപ്പറേഷൻ (സംസ്ഥാന തലം) ഒന്നാം സ്ഥാനം | ജില്ലാ കൃഷി ഓഫീസർ | 06.07.20 | 09.07.20 | 13.07.20 |

## അനുബന്ധം 2

## ഓരോ അവാർഡിന്റെയും മാനദണ്ഡങ്ങൾ

| നം. | അവാർഡിന്റെ പേര് | മാനദണ്ഡങ്ങൾ |
|---|---|---|
| 1 | നെൽക്കതിർ | ഏറ്റവും നല്ല ഗ്രൂപ്പ് ഫാമിംഗ് സമിതി<br>1. ചാരിറ്റബിൾ സൊസൈറ്റി ആക്ട് (1955-തിരുവിതാംകൂർ കൊച്ചി) അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കണം.<br>2. നാമനിർദ്ദേശ തീയതി മുതൽ ചുരുങ്ങിയത് ഒരു വർഷത്തിനു മുമ്പെങ്കിലും രജിസ്റ്റർ ചെയ്തിരിക്കണം.<br>3. കാർഷിക മുറകളിലുള്ള കൂട്ടായ്മ.<br>ഇവക്കു പുറമെ അപേക്ഷിക്കുന്ന പാടശേഖരസമിതികൾ കരനെൽകൃഷിയും തരിശു നിലകൃഷിയും നടപ്പിലാക്കിയിരിക്കണം. കൃഷി ഭവനും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകപ്പും സംയുക്തമായി നടത്തിയ ക്രോപ് കട്ടിംഗ് ഡേറ്റാ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. കൃഷിയെ സംബന്ധിച്ച പ്രവർത്തനങ്ങൾ രേഖപ്പെടുത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം. |
| 2 | കർഷകോത്തമ | ഏറ്റവും മികച്ച കർഷകൻ<br>1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉൽപ്പാദനം.<br>2. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 3,4 | യുവകർഷക/യുവകർഷകൻ | ഏറ്റവും മികച്ച യുവ കർഷക / യുവ കർഷകൻ<br>1. കൃഷിയും അനുബന്ധമേഖലകളിലും ഉള്ള പ്രവർത്തനം<br>2. അപേക്ഷകന് 20 നും 35 നും ഇടയിൽ പ്രായം. 35 വയസ്സ് കവിയാൻ പാടില്ല (31.03.18) ൽ 35 വയസ്സ് കവിയാൻ പാടില്ല.). പ്രായം തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കണം.<br>3. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>4. പാട്ടകൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 5 | കേരകേസരി | ഏറ്റവും മികച്ച തെങ്ങു കർഷകൻ<br>1. വ്യക്തികളെ മാത്രം പരിഗണിക്കുന്നു. സ്ഥാപനങ്ങളെ പരിഗണിക്കുന്നതല്ല.<br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ടു ഒരു വർഷമെങ്കിലും തെങ്ങിൻതോട്ടം അപേക്ഷകന്റെ ഉടമസ്ഥതയിലായിരിക്കണം.<br>3. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>4. ജൈവവളം, പച്ചിലവളം എന്നിവ സ്വന്തമായി ഉത്പാദിപ്പിക്കുന്ന |

| | | |
|---|---|---|
| | | കർഷകന് മുൻഗണന. |
| 6 | ഹരിതമിത്ര | ഏറ്റവും മികച്ച പച്ചക്കറി കർഷകൻ<br>1. ഹൈടെക്, പ്രൊട്ടക്ടഡ് കൃഷി രീതികൾ അവലംബിക്കുന്ന കർഷകനെ പരിഗണിക്കേണ്ടതില്ല.<br>2. കുറഞ്ഞത് 5 ഇനം പച്ചക്കറി എങ്കിലും കൃഷി ചെയ്തിരിക്കണം.<br>3. കുറഞ്ഞത് 50 സെന്റിൽ പച്ചക്കറി കൃഷി ചെയ്തിരിക്കണം<br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 7 | ഉദ്യാനശ്രേഷ്ഠ | ഏറ്റവും മികച്ച പുഷ്പ കൃഷി കർഷകൻ<br>1. സ്വന്തമായി കൃഷി ഭൂമി വേണം.<br>2. കൊമേഴ്സ്യൽ നഴ്സറികളെ പരിഗണിക്കുന്നതല്ല<br>3. ഉദ്യാനം കുറഞ്ഞത് 5 സെന്റ് വിസ്തൃതി എങ്കിലും ഉള്ളതായിരിക്കണം.<br>4. കുറഞ്ഞത് 25 ഇനം അലങ്കാരച്ചെടികൾ നട്ട് വളർത്തിയിരിക്കണം.<br>5. ഇനങ്ങൾ ലേബൽ ചെയ്ത് വൃത്തിയോടെ ഉദ്യാന പരിപാലന മുറകൾ അനുവർത്തിച്ചിരിക്കണം.<br>6. നാമനിർദ്ദേശത്തിനുശേഷം അവാർഡു പ്രഖ്യാപനം വരെ ഭൂമി കൈമാറ്റം പാടില്ല. |
| 8 | കർഷക ജ്യോതി | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഏറ്റവും നല്ല കർഷകൻ<br>1. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>2. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 9 | കർഷകതിലകം | മികച്ച കർഷക വനിത.<br>1. അപേക്ഷക തന്നെ കാർഷിക മുറകൾ കൈകാര്യം ചെയ്തിരിക്കണം.<br>2. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 10 | ശ്രമശക്തി | ഏറ്റവും മികച്ച കർഷകതൊഴിലാളി<br>1. 5 വർഷം സ്ഥിരമായി മറ്റ് കർഷകർക്കു വേണ്ടി കർഷക തൊഴിലാളിയായി പ്രവർത്തിച്ചിരുന്നു എന്ന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>2. നൂതന യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള കഴിവ് പരിഗണിക്കാവുന്നതാണ്.<br>3. സ്വന്തം കൃഷിയിടത്തിലെ അധ്വാനം പരിഗണിക്കുന്നതല്ല. |

| | | |
|---|---|---|
| 11 | കൃഷി വിജ്ഞാൻ | മികച്ച കൃഷി ശാസ്ത്രജ്ഞൻ<br>1. കൃഷി ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന സംസ്ഥാനത്തിലെ KAU/ICAR സ്ഥാപനത്തിലെ ശാസ്ത്രജ്ഞൻ.<br>2. ഗവേഷണ ഫലങ്ങൾ ആനുകാലിക പ്രധാന്യമുള്ളതും കൃഷിയിടങ്ങളിൽ കർഷകൻ അനുവർത്തിക്കുന്നതുമായിരിക്കണം. (% of adoption in the field will be considered.)<br>3. സാങ്കേതിക വിദ്യകർഷകരുടെ കൃഷിയിടങ്ങളിൽ വിജയിച്ചവ ആയിരിക്കണം. |
| 12 | ക്ഷോണി സംരക്ഷണം | മികച്ച മണ്ണ് സംരക്ഷണ പ്രവർത്തനം ചെയ്യുന്ന കർഷകൻ (ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ)<br>1. കുറഞ്ഞത് 5 വർഷമെങ്കിലും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ തുടർച്ചയായി സ്വന്തം കൃഷി ഭൂമിയിൽ ചെയ്തിരിക്കണം. ഈ കാലയളവിൽ സ്ഥലം കൈമാറുകയോ വിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.<br>2. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനായി നല്ല പ്രവർത്തനങ്ങൾ പരിഗണിക്കുന്നതാണ്.<br>3. കൃഷിയിടങ്ങളിലെ പ്രവർത്തനങ്ങൾ ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ഇണ ആയതു്. മറ്റു കർഷകർക്കു അനുവർത്തിക്കുന്നതുമായിരിക്കണം. |
| 13 | ക്ഷോണി രത്ന | ഏറ്റവും നല്ല നീർത്തട പദ്ധതി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിനുള്ള അവാർഡ് |
| 14 | കർഷകഭാരതി | മികച്ച ഫാം ജേർണലിസ്റ്റ്<br>1. പത്രം-ദൃശ്യ ശ്രവ്യം തുടങ്ങിയ മാധ്യമങ്ങൾ വഴി മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തി.<br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തിനകം പ്രസിദ്ധീകരിച്ച/പ്രക്ഷേപണം ചെയ്തവർക്ക് മുൻഗണന. വ്യക്തിയുടെ മുൻകാല പ്രവർത്തനങ്ങളും കണക്കിലെടുക്കുന്നു.<br>3. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ.<br>4. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല.<br>5. നോമിനേഷൻ ലഭിച്ചില്ലെങ്കിലും ഏറ്റവും മികച്ച ജേർണലിസ്റ്റിനെ കണ്ടെത്തണം. |
| 15 | ഹരിതകീർത്തി<br><br>a. (കൃഷി വകുപ്പിന്റെ ഫാം)<br>ഒന്നാം സ്ഥാനം | കൃഷി വകുപ്പിന്റെ / ജില്ലാപഞ്ചായത്തിന് കൈമാറിയ ഫാമുകൾ ഉൾപ്പെടെ കൃഷി വകുപ്പിന്റെ കീഴിലെ ഏറ്റവും മികച്ച ഫാം<br><br>1. എല്ലാ കൃഷിഫാമുകളും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാനുതകും വിധത്തിലുള്ള പ്രവർത്തന ഫലങ്ങളാണോ നടത്തുന്നത് എന്ന് വിലയിരുത്തണം.<br>2. ഫാമിലെ നടീൽ വസ്തുക്കളുടെ ഉത്പാദനം, വിവിധ വിളകൾ, ശാസ്ത്രീയ വിള പരിപാലനം എന്നിവ വിലയിരുത്തുന്നതാണ്.<br>3. ഫാമുകളുടെ അടിസ്ഥാന സൌകര്യങ്ങൾ, തൊഴിലാളികളുടെ കാര്യക്ഷമത, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് മുൻഗണന.<br>4. ഫാമിനോട് ചേർന്നുള്ള ഓഫീസ്, പോട്ടിംഗ് ഷെഡ് തുടങ്ങിയ എല്ലാ അനുബന്ധ സൌകര്യങ്ങൾ വൃത്തിയോടെയും ചിട്ടയോടെയുമാണോ സജ്ജീകരിച്ചിരിക്കുന്നത് എന്ന് വിലയിരുത്തണം.<br>അവാർഡു തുക ഫാമിന്റെ വികസനത്തിനായി വിനിയോഗിക്കണം. |

| | | |
|---|---|---|
| | b. Private Farm<br>ഒന്നാം സ്ഥാനം | 1. ഫാമിലെ നടീൽ വസ്തുക്കളുടെ ഉത്പാദനം, വിവിധ വിളകൾ. ശാസ്ത്രീയ വിള പരിപാലനം എന്നിവ വിലയിരുത്തുന്നതാണ്.<br>2. ഫാമുകളുടെ അടിസ്ഥാന സൌകര്യങ്ങൾ, തൊഴിലാളികളുടെ കാര്യക്ഷമത, വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് മുൻഗണന.<br>3. ഫാമിനോട് ചേർന്നുള്ള ഓഫീസ്, പോട്ടിംഗ് ഷെഡ് തുടങ്ങിയ എല്ലാ അനുബന്ധ സൌകര്യങ്ങൾ വൃത്തിയോടെയും ചിട്ടയോടെയുമാണോ സജ്ജീകരിച്ചിരിക്കുന്നത് എന്ന് വിലയിരുത്തണം.<br>Latest technology , Varierty of plants , items of planting materials handled. |
| 16 | ഹരിതമുദ്ര<br>1. ദൃശ്യ മാധ്യമം<br>2. ശ്രാവ്യ മാധ്യമം<br>3. ഓൺലൈൻ മാധ്യമം | അച്ചടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ച /പ്രക്ഷേപണം ചെയ്ത ഏറ്റവും മികച്ച മലയാളത്തിലുള്ള കാർഷിക പരിപാടികൾ അവാർഡിനായി പരിഗണിക്കുന്നതാണ്.<br>1. നോമിനേഷൻ ലഭിച്ചില്ലെങ്കിലും ഏറ്റവും മികച്ച കാർഷിക പരിപാടി കണ്ടെത്തണം.<br>2. അവതാരക/അവതാരകന് ആണ് അവാർഡ് നൽകുന്നത്. |
| | 4.ഡോക്യുമെന്ററി /ടെലിഫിലിം നിർമ്മാതാവ് | ഡോക്യുമെന്ററി/ടെലിഫിലിം നിർമ്മാതാവ് -വ്യക്തി |
| 17 | എ) മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര് | കുറഞ്ഞത് 100 ഹെക്ടർ സ്ഥലത്തെങ്കിലും ജൈവകൃഷി ചെയ്തിരിക്കണം.<br>പരമ്പരാഗത വിളകൾ കൃഷി ചെയ്യുന്ന ഊരിന് മുൻഗണന. |
| | ബി) പൈതൃകകൃഷി/വിത്ത് സംരക്ഷണം/വിളകളുടെ സംരക്ഷണപ്രവർത്തനം നടത്തുന്ന വ്യക്തി/ ഊര് | പൈതൃക കൃഷി/വിത്ത് സംരക്ഷണം/വിളകളുടെ സംരക്ഷണം |
| 18 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ | ഏറ്റവും കുറഞ്ഞത് 100 വീടുകളിലെങ്കിലും കൃഷി നടത്തിയിരിക്കണം.<br>തുടർച്ചയായി 2 വർഷമെങ്കിലും കൃഷി ചെയ്തവരായിരിക്കണം. |
| 19 | ഹൈടെക് കർഷകൻ | ഹൈടെക് കാർഷിക രീതികൾ പിൻതുടരുന്ന മികച്ച കർഷകൻ<br>1. ഏറ്റവും കുറഞ്ഞത് 400sq.ft പോളിഹൌസിൽ എങ്കിലും കൃഷി ചെയ്തിരിക്കണം.<br>2. ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും പോളിഹൌസ് കൃഷി രീതി അനുവർത്തിച്ചിരിക്കണം.<br>3. പച്ചക്കറി/പുഷ്പ ഫലകൃഷി ചെയ്യാവുന്നതാണ്.<br>4. അനുവർത്തിച്ച കൃഷിരീതി വിളവ്, ചെലവ് എന്നീ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ച കർഷകനായിരിക്കണം.<br>5. പങ്കെടുത്ത പരിശീലനപരിപാടികളുടെ എണ്ണം പരിഗണിക്കാവുന്നതാണ്<br>6. പുതിയ സാങ്കേതിക വിദ്യ മറ്റുള്ളവരുമായി പങ്കിടുന്നതിനുള്ള താൽപര്യം പരിഗണിക്കുന്നതാണ്.<br>7. ജൈവകൃഷി അനുവർത്തിക്കുന്നവർക്കു മുൻഗണന. |

| | | |
|---|---|---|
| 20 | മികച്ച കൊമേഴ്സ്യൽ നഴ്സറി നടത്തുന്ന കർഷകൻ | 1. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തിനകമുള്ള കാർഷിക പ്രവർത്തികൾ കണക്കിലെടുക്കുന്നു.<br>2. സ്വന്തമായി ഏറ്റവും കുറഞ്ഞത് 1 ഏക്കറിലെങ്കിലും നഴ്സറി ഉണ്ടായിരിക്കണം.<br>3. വിവിധ ഇനം പുഷ്പ ഫല വൃക്ഷച്ചെടികളുടെ ഉത്പാദനവും വിൽപ്പനയും ഉണ്ടായിരിക്കണം (കുറഞ്ഞത് 25 ഇനങ്ങൾ)<br>4. മാതൃസസ്യങ്ങൾ/പ്രോജനി സ്വന്തം കൃഷിയിടത്തിൽ ഉണ്ടായിരിക്കണം.<br>5. ചെടികൾ ചിട്ടയോടെ ലേബൽ ചെയ്ത് വളർത്തിയിരിക്കണം.<br>6. നഴ്സറിയെ സംബന്ധിച്ച കണക്കുകൾ ചിട്ടയോടെ സൂക്ഷിച്ചിരിക്കണം.<br>7. പുതിയ സങ്കേതിക വിദ്യകൾ സ്വായത്തമാക്കുന്നതിലുള്ള മികവ് പരിഗണിക്കുന്നതാണ്.<br>8. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും. കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 21<br>22 | കർഷകതിലകം/<br>കർഷകപ്രതിഭ | ഏറ്റവും മികച്ച കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥിനി / ഏറ്റവും മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥി.<br>1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉൽപ്പാദനം<br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ടുള്ള ഒരു വർഷത്തിനകമുള്ള കാർഷിക പ്രവർത്തികൾ<br>3. അപേക്ഷക/അപേക്ഷകൻ തന്നെ കാർഷിക മുറകൾ കൈകാര്യം ചെയ്തിരിക്കണം.<br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br>5. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>6. സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്രം<br>7. സ്കൂൾ കോമ്പൌണ്ടിലും, വീട്ടുവളപ്പിലും കൃഷിയിലുള്ള സജീവ പങ്കാളിത്തം. കൃഷിയിലുള്ള അറിവ്, പരിചയം, എന്നിവ പരിഗണിക്കാവുന്നതാണ്. |
| 23 | മികച്ച ഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | സ്വന്തമായി ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ച് കൃഷി ചെയ്യുന്ന 12-ാം ക്ലാസ്സ് വിദ്യാർത്ഥി |
| 24 | മികച്ച കോളേജ് കർഷക പ്രതിഭ | സ്വന്തമായി ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ച് കൃഷി ചെയ്യുന്ന കോളേജ് വിദ്യാർത്ഥി |
| 25 | മികച്ച ഫാം ഓഫീസർ | ഏറ്റവും മികച്ച കൃഷി ഫാമിന്റെ ഓഫീസർക്ക്<br>ഹരിത കീർത്തി അവാർഡിന് പരിഗണിക്കുന്ന സമയത്ത് ഫാമിലെ ഓഫീസർ ആയിരിക്കണം. |
| 26 | ജൈവകർഷകൻ | മികച്ച ജൈവകർഷകൻ<br>1. രാസവളങ്ങൾ/രാസകീടനാശിനികൾ എന്നിവ ഉപയോഗിക്കാതെ കൃഷി ചെയ്യുന്ന കർഷകൻ<br>2. ഭക്ഷ്യവിളകൾ ഉൾപ്പെടെ സമ്മിശ്രകൃഷി രീതിയിലൂടെ നടപ്പാക്കുന്ന |

| | | |
|---|---|---|
| | | കൃഷിസമ്പ്രദായം അനുവർത്തിക്കുന്ന കർഷകൻ<br>3. മണ്ണ്, ജലസംരക്ഷണ മാർഗ്ഗങ്ങൾ ഉറപ്പാക്കുന്ന കർഷകൻ<br>4. ജൈവവൈവിധ്യ സംരക്ഷണം കൃഷിയിടത്തിൽ കൃത്യമായി നടപ്പാക്കുന്ന കർഷകർ. ഇക്കോളജിക്കൽ എഞ്ചിനീയറിംഗ്.<br>5. സ്വന്തം കൃഷിയിടത്തിൽ കമ്പോസ്റ്റ്, പച്ചിലവളം എന്നിവ ഉത്പാദിപ്പിക്കുന്ന കർഷകൻ<br>6. ജൈവ കൃഷിക്കാവശ്യമായ കാലിവളം ലഭിക്കുന്നതിന് കന്നുകാലി വളർത്തൽ, ആട്ട വളർത്തൽ തുടങ്ങിയ സംരഭങ്ങൾ നടപ്പിലാക്കുന്ന കർഷകൻ<br>7. ജൈവകൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾ പ്രത്യേകമായി പാക്കിംഗ്, ലേബലിംഗ് നടത്തി വിപണനം ചെയ്യുന്ന കർഷകൻ<br>8. ജൈവവളം, ജീവാണുവളം ജൈവകീടനാശിനികൾ എന്നിവ ഉപയോഗിച്ച് ലാഭകരമായി കൃഷി ചെയ്യുന്ന കർഷകൻ |
| 27 | മികച്ചതേനീച്ച കർഷകൻ | കേരളത്തിനകത്ത് തേനീച്ച വളർത്തുന്ന കർഷകൻ, തേനീച്ചകളുടെ ഇനങ്ങൾ, ഉൽപ്പന്നത്തിന്റെ അളവ്, പ്രവർത്തന വൈവിധ്യം. |
| 28 | മികച്ച കൂൺ കർഷകൻ | സംസ്ഥാനത്തിനകത്ത് വിപുലമായ രീതിയിൽ കൂൺ കൃഷി നടത്തി നല്ല രീതിയിൽ വിപണനം നടത്തുന്ന കർഷകൻ. |
| 29 | Award to best jackfruit processor/other value addition (individual/group)* | ചക്കയുടെ സംസ്കരണ രീതികളുടെ കണ്ടെത്തൽ, പ്രചരണം, സംസ്കരണ രീതികളുടെ വൈവിധ്യം, ഉൽപ്പന്നങ്ങളുടെ വൈവിധ്യം, വിപണനം. |
| 30 | Best innovationAward | കാർഷിക മേഖലക്കും കർഷകർക്കും ഉപകാരപ്രദമായ കണ്ടുപിടിത്തം നടത്തിയ കർഷകർ, അവയുടെ പ്രയോഗം, ഗുണഫലങ്ങൾ. |
| 31 | Award to best exporter individual/group based on export statistic | കേരളത്തിനകത്തെ കർഷകരിൽ നിന്നും നേരിട്ട് പഴം, പച്ചക്കറി എന്നിവ സംഭരിച്ച് കേരളത്തിലെ Sea Port/Air Port മുഖേന മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്ന വ്യക്തി/ഗ്രൂപ്പ്. |
| 32 | Award to best post harvest intervention | കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് തരംതിരിച്ച്/ഗ്രേഡ് ചെയ്ത് സൂക്ഷിച്ച് വിപണനം നടത്തുന്ന വ്യക്തി. |

ജൈവകൃഷി അവാർഡുകൾക്ക് തെരഞ്ഞെടുക്കപ്പെടാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

**<u>മാനദണ്ഡങ്ങൾ</u>**

1. ജൈവ കൃഷി രീതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നവയും, ജൈവ കൃഷിയിലേയ്ക്ക് മാറിയതുമായ നിയോജക മണ്ഡലങ്ങൾ / ഗ്രാമ പഞ്ചായത്തുകൾ / മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ എന്നിവയാണ് അവാർഡിന് പരിഗണിക്കുന്നത്.
2. വിവിധ വിളകളുടെ ആകെ വിസ്തൃതി, ജൈവകൃഷി രീതിയിൽ കൃഷി ചെയ്യുന്ന വിസ്തൃതി എന്നിവ പരിഗണിക്കുന്നതാണ്.
3. ജൈവ വിത്തുകൾ / നടീൽ വസ്തുക്കൾ തുടങ്ങിയവയുടെ ലഭ്യത.
4. ഉപയോഗിക്കുന്ന ജൈവ വളങ്ങളുടെ ഇനവും അളവും അവയുടെ സ്രോതസ്സും, ജൈവ വള ഉല്പാദന യൂണിറ്റുകളുടെ എണ്ണം, അവയുടെ ഉല്പാദനക്ഷമതയും, പച്ചില വളങ്ങളുടെ ലഭ്യതയും അളവും.
5. മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ, പ്രവർത്തനങ്ങൾ, കൃഷി അനുബന്ധ മേഖലയുമായി

സംയോജനത്തിന്റെ രീതി.

6. ജൈവ മാലിന്യ പുന:സംസ്കരണം.
7. ജൈവ സർട്ടിഫിക്കേഷൻ ലഭിച്ച കർഷകർ/ കർഷക ഗ്രൂപ്പുകളുടെ എണ്ണം.
8. ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷക ക്ലസ്റ്ററുകൾ/ സർക്കാരിതര സംഘടനകൾ/ ഗ്രൂപ്പുകൾ / വ്യക്തികൾ - എന്നിവരുടെ എണ്ണം. ആകെ ഉല്പാദനം.
9. അവാർഡു നിർണ്ണയ കാലയളവിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി നടത്തിയ കാമ്പയിനുകൾ / സെമിനാറുകൾ / മറ്റു പ്രവർത്തന പരിപാടികൾ.
10. ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെഉല്പാദനമേഖലയിൽ ജൈവകൃഷി പ്രോജക്ടുകൾക്കായി നീക്കിവെച്ച പദ്ധതി വിഹിതം (ശതമാനത്തിൽ), പ്രസ്തുത പദ്ധതികളുടെ എണ്ണവും നേട്ടങ്ങളും.

## പച്ചക്കറി വിഭാഗം മുഖേന നൽകുന്ന അവാർഡുകളുടെ മാനദണ്ഡങ്ങൾ

| ക്രമ നം | അവാർഡ് വിഭാഗം | മാനദണ്ഡങ്ങൾ |
|---|---|---|
| 1 | മികച്ച വിദ്യാർത്ഥി | 1 സെന്റ് അതിൽ കൂടുതലോ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിരിക്കണം. പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, വിളവ്, ജൈവ കാർഷിക മുറകളുടെ ഉപയോഗം, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ (സി.ഡി. ഫോട്ടോസ് മുതലായവ) |
| 2 | മികച്ച വിദ്യാഭ്യാസ സ്ഥാപനം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം, വിളവ്, ജൈവ കാർഷിക മുറകളുടെ ഉപയോഗം, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ, ഹരിത ക്ലബ്ബുകളുടെ പ്രവർത്തനം, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, കൃഷിയിലുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്, ലഭ്യമായ വിളവ് സ്കൂൾ ഉച്ച ഭക്ഷണത്തിന് ഉപയുക്തമാക്കുന്നതിന്റെ വിശദ വിവരം. |
| 3 | മികച്ച അദ്ധ്യാപിക | കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന സ്കൂളിലെ അദ്ധ്യാപിക ആയിരിക്കണം. ശാസ്ത്രീയ കൃഷി അവലംബിക്കുക, നൂതന സാങ്കേതിക വിദ്യയിൽ കുട്ടികൾക്ക് നിർദ്ദേശം നൽകുക, ഹരിത ക്ലബ്ബുകളുടെ പ്രവർത്തനത്തിന് മുഖ്യ പങ്ക് വഹിച്ചിരിക്കണം. ജൈവ വളം, ജൈവ കീടനാശിനി എന്നിവ ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നതിനു വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ, ഹരിത ക്ലബ്ബിന്റെ റെജിസ്റ്റർ, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, ലഭ്യമായ വിളവ് സ്കൂൾ ഉച്ച ഭക്ഷണത്തിന് ഉപയുക്തമാക്കുന്നതിന്റെ വിശദ വിവരം, പുതതായി കൃഷിയിലേയ്ക്ക് താല്പര്യമുണ്ടാക്കാൻ കഴിഞ്ഞ വിദ്യാർത്ഥികളുടെ എണ്ണം. |
| 4 | മികച്ച സ്ഥാപന മേധാവി | കുറഞ്ഞത് 25 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുള്ള മേധാവി ആയിരിക്കണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക, ജൈവ കാർഷിക മുറകളുടെ ഉപയോഗം, സ്കൂൾ ക്ലബ്ബുകളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുക. കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, ലഭ്യമായ വിളവ് , ലഭിച്ച വരുമാനം. |

| | | |
|---|---|---|
| 5 | മികച്ച ക്ലസ്റ്റർ | കുറഞ്ഞത് 5 ഹെക്ടറോ അതിൽകൂടുതലോ കൃഷി ചെയ്യുന്ന പഴയതും പുതിയതുമായ ക്ലസ്റ്ററുകൾ. കൂട്ടായ കൃഷി മുറകൾ. ജൈവ വള ഉല്പാദന യൂണിറ്റുകൾ, ജീവാണുവളവും. ജൈവ കീടനാശിനികളുടെയും ഉല്പാദനം. വിളവ്, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ. പുതിയ സാങ്കേതി വിദ്യകളുടെ ഉപയോഗം, സംയോജിത കൃഷി മുറകൾ അനുവർത്തിക്കുക. വിപണന സൗകര്യം |
| 6 | മികച്ച പൊതു മേഖലാ സ്ഥാപനം | കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി. മികച്ച ലേ ഔട്ട്. പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, ജൈവ കാർഷിക മുറകളുടെ ഉപയോഗം, വിളവ്, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ. പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, കൃഷിയുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്. ലഭ്യമായ വിളവ് . ഇതിൽ നിന്നും ലഭിച്ച വരുമാനം. ജീവനക്കാരുടെ പങ്കാളിത്തം |
| 7 | മികച്ച സ്വകാര്യ മേഖലാ സ്ഥാപനം | കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി. മികച്ച ലേ ഔട്ട്. പച്ചക്കറി ഇനങ്ങളുടെ എണ്ണം. പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം. ജൈവ കാർഷിക മുറകളുടെ ഉപയോഗം. വിളവ്. കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ. വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ. പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, കൃഷിയുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്. ലഭ്യമായ വിളവ് . ഇതിൽ നിന്നും ലഭിച്ച വരുമാനം. ജീവനക്കാരുടെ പങ്കാളിത്തം |
| 8 | മികച്ച കർഷകൻ | 25 സെന്റ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി, ജൈവ കൃഷി രീതികളുടെ ഉപയോഗം, വിളവ്, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, പുതിയ സാങ്കേതി വിദ്യകളുടെ ഉപയോഗം, സംയോജിത കൃഷി മുറകൾ, മറ്റു കൃഷിക്കാർക്ക് പ്രചോദനം നൽകൽ, കൃഷിയിലുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്. |
| 9 | ഓണത്തിന് ഒരു മുറം പച്ചക്കറി | കുറഞ്ഞത് 1 സെന്റോ അതിൽ കൂടുതലോ പച്ചക്കറി കൃഷി ചെയ്യുന്ന വീട്ടമ്മമാർ, വിവിധ നാടൻ പച്ചക്കറി ഇനങ്ങളുടെ എണ്ണം, ജൈവ രീതിയിലുള്ള കൃഷി. സംയോജിത കൃഷി മുറകൾ. വിളവ്. നൂതന സാങ്കേതിക വിദ്യ |

- കേരളത്തിൽ സ്ഥിര താമസക്കാരായ പൗരന്മാരാണ് അവാർഡിന് നോമിനേഷൻ സമർപ്പിക്കുന്നതിന് യോഗ്യരായിട്ടുള്ളത്.
- അവാർഡ് വർഷത്തിൽ ഒരു തവണയാണ് നൽകുന്നത്.
- മുൻ വർഷത്തെ അവാർഡ് ജേതാക്കൾ നടപ്പ വർഷത്തെ അവാർഡിന് അർഹരായിരിക്കുകയില്ല.
- പ്രോജക്റ്റ് അധിഷ്ഠിത പച്ചക്കറി കൃഷി ചെയ്യുന്ന പൊതു/സ്വകാര്യ സ്ഥാപനങ്ങളുടെ മേധാവി. പൊതു/സ്വകാര്യസ്ഥാപനങ്ങൾ എന്നിവർക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്.
- കൃഷി ഭവനുകൾക്കും പഞ്ചായത്തുകൾക്കും മികച്ച കർഷകരെ അവാർഡിനായി നോമിനേറ്റ് ചെയ്യാവുന്നതാണ്.
- അവാർഡ് പ്രചാരണ നോട്ടീസുകൾ എല്ലാ കൃഷി ഭവൻ. പഞ്ചായത്ത് ഓഫീസ്. വില്ലേജ് ഓഫീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

- സംസ്ഥാനതല അവാർഡ് നോമിനേഷനായി ജില്ലാതലത്തിൽ ഒരു വിഭാഗത്തിൽ നിന്നും മികച്ച ഒരു നോമിനേഷൻ മാത്രമേ നൽകാവൂ. അപേക്ഷകൻ കൃഷിയിടം തികച്ചും ശാസ്ത്രീയമായും, കീട/രോഗ വിമുക്തമാണെന്ന് ജില്ല തല കമ്മിറ്റി ഉറപ്പ വരുത്തേണ്ടതാണ്.
- അവാർഡ് അപേക്ഷയോടൊപ്പം കൃഷിയിടത്തിന്റെ ഫോട്ടോകൾ, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച സീഡി, മാധ്യങ്ങളിൽ ഇതുമായി വന്ന വാർത്തകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
- അപേക്ഷകന്റെ പൂർണ്ണമായ പേര്, മേൽവിലാസം, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-

കാർഷിക വികസന
കർഷകക്ഷേമ വകുപ്പ് ഡയറക്ടർ

**...ant Director of Agriculture (AR & ...**
Directorate of Agriculture,
Vikas Bhavan, Thiruvananthapura...